പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 289 — 29-01-2014 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. പാലോട് രവി<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലായി തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഇതുവഴി ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | 1. കർഷകന് ആവശ്യമായ വിവിധ സേവനങ്ങൾ ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. തൊഴിലാളി ക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം നടപ്പിലാക്കുക.<br>3. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗ കീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുക.<br>4. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം, എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുക.<br>5. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുക.<br>6. കൃഷി അനുബന്ധ മേഖലകളിൽ യുവാക്കൾക്ക് താൽപ്പര്യവും, പ്രാഗൽഭ്യവും ഉറപ്പ് വരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കൃഷിക്കാരിലേയ്ക്കും അധികാരികളിലേയ്ക്കും എത്തിക്കുക. |

7. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്തെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കാൻ ഇവയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യമായ പ്രയോജനം നൽകുന്നുണ്ട്. നിലം ഒരുക്കൽ, മരുന്ന് തളി, വിളവെട്ടുപ്പ് എന്നീ കൃഷി പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററിലെ കർമ്മസേന അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഇതുവഴി തൊഴിലാളി ക്ഷാമത്തിന് വളരെയധികം പരിഹാരമായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) സംസ്ഥാനത്ത് 14 ജില്ലകളി ലായി 35 കാർഷിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലെ അഗ്രോ സർവ്വീസ് സെന്ററുകളുടെ വിവരങ്ങൾ

| ക്രമ. നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | കഴക്കൂട്ടം, പാറശ്ശാല |
| 2 | കൊല്ലം | പത്തനാപുരം, ചടയമംഗലം |
| 3 | പത്തനംതിട്ട | റാന്നി, കോന്നി |
| 4 | ആലപ്പുഴ | കായംകുളം, ചെങ്ങന്നൂർ |
| 5 | കോട്ടയം | പള്ളം, കടുത്തുരുത്തി |
| 6 | ഇടുക്കി | തൊടുപുഴ, ഇടുക്കി |
| 7 | എറണാകുളം | കോതമംഗലം, പാമ്പാക്കട, ആലങ്ങാട് |
| 8 | തൃശ്ശൂർ | പഴയന്നൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി |
| 9 | പാലക്കാട് | മലമ്പുഴ, പട്ടാമ്പി |
| 10 | മലപ്പുറം | പെരിന്തൽമണ്ണ, കുറ്റിപ്പുറം, പെരുമ്പടപ്പ് |
| 11 | കോഴിക്കോട് | പേരാമ്പ്ര, മേലടി, കുന്നമ്മേൽ, കൊടുവള്ളി |
| 12 | വയനാട് | കല്പറ്റ, മാനന്തവാടി, അമ്പലവയൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ |
| 14 | കാസർഗോഡ് | നീലേശ്വരം, മഞ്ചേശ്വരം |

സെക്ഷൻ ഓഫീസർ